വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

Laity Reflect on
Syro-Malabar Sunday Mass SCRIPTURE READINGS

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

7-ാം വർഷം

2023
ഏപ്രിൽ 16

ഉയിർപ്പ് രണ്ടാം ഞായർ

മുറിവിലെ പ്രകാശം

ഏശ 55:4-13, കൊളോ 1:12-20, യോഹ 20:19-29

ദൈവത്തിലേയ്ക്ക് എത്ര വഴികൾ? ചോദ്യം ഈയിടെ നമ്മെ വിട്ടുപോയ ബെനഡിക്റ്റ് പാപ്പായോടായിരുന്നു. ഉത്തരം: "എത്ര കോടി മനുഷ്യരുണ്ടോ, അത്രയും വഴികൾ.'

'ഞാൻ അന്വേഷിച്ചു കണ്ടെത്തേണ്ട വഴിയും മുട്ടിതുറക്കേണ്ടുന്ന വാതിലുമാണ് ദൈവം' എന്ന് വചനത്തെ കാവ്യാത്മകമാക്കിയ ഗുരുവിന് സ്തുതിയായിരിയ്ക്കട്ടെ.

"നിന്റെ വിരൽ ഇവിടെ കൊണ്ടുവരിക. എന്റെ കൈകൾ കാണുക. നിന്റെ കൈ നീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക.... പാർശ്വത്തിലെ മുറിവിൽ വയ്ക്കുക." മുറിവ് ഇപ്പോഴും സജീവമാണ്. കരിഞ്ഞിട്ടില്ല. വെളിച്ചം ലഭിച്ച തോമ തൊട്ടു നോക്കാതെ തന്നെ ഏറ്റ് പറയും 'എന്റെ കർത്താവേ, എന്റെ ദൈവമേ!'

കടന്നുവന്ന ജീവിതാനുഭവങ്ങളുടെ വിരല്പാടുകളായി കാലം ഏൽപ്പിച്ച സൂചകങ്ങളാണ് മുറിവുകളും മുറിപ്പാടുകളും. ഓരോ മുറിവും എത്ര വലിയ ജീവിതാനുഭവങ്ങളാണ് നമുക്ക് നൽകിയത്. അനുഭവങ്ങളുടെ വാർഷിക വളയങ്ങൾ. "മുറിവിലൂടെയാണ് പ്രകാശം നിന്നിലേയ്ക്ക് കടന്ന് വരുന്നതെന്ന്" പറഞ്ഞത് ജലാലുദ്ദീൻ റൂമിയാണ്. മുറിവുകൾ നൽകിയ വേദനയിൽ നഷ്ടപ്പെട്ട് ഇരിയ്ക്കുന്നവരാണ് നമ്മൾ, അതിലൂടെ കടന്ന് വന്ന വെളിച്ചത്തെ മനസിലാക്കാനും സ്വീകരിയ്ക്കാനും നമുക്ക് പലപ്പോഴും സാധിച്ചില്ല എന്നതും സത്യമാണ്. എത്രയെത്ര മുറിവുകൾ പേറിയിട്ടും അതിലൊന്ന് പോലും തിരുമുറിവാക്കാൻ കഴിയാതെ പോയ സാധുക്കൾ. എത്രയോ കുരിശുകൾ ചുമന്നിട്ടും ക്രിസ്തുവാകാനാകാതെ പോയവർ.

പരിഭവം

താനില്ലായെന്ന് അറിഞ്ഞിട്ടാണ് ഗുരു തന്റെ കൂട്ടുകാരെ സന്ദർശിച്ചു പോയത് എന്ന് ഒരു പക്ഷെ തോമസ് സംശയിച്ചിട്ടുണ്ടാകണം. ആ പരിഭവത്തിൽ നിന്നുമാണ്

സന്തോഷ് ചുങ്കത്ത്

തോമസിന്റെ ശാഠ്യം ഉടലെടുക്കുന്നത്. ആ സങ്കടത്തിൽ നിന്നാണ് കടുത്ത അവിശ്വാസമെന്ന് തോന്നാവുന്ന വാക്കുകൾ ഉണ്ടാകുന്നത്. "അവന്റെ മുറിപ്പാടുകൾ കാണുകയും...പാർശ്വത്തിൽ വിരൽ വയ്ക്കുകയും ചെയ്തല്ലാതെ...' 'വരുവിൻ നമുക്കും അവനോട് കൂടെ പോയി മരിയ്ക്കാം' എന്നൊക്കെ മറ്റുള്ളവരെ ധൈര്യപ്പെടുത്തിയ പുള്ളിയാണ് ഇങ്ങനെ പരിഭവപ്പെട്ടു നിൽക്കുന്നത്. ഗുരുവിനോടുള്ള ആഴമേറിയ സ്നേഹത്തിൽ നിന്നുമാണ് ഈ പരാതി ഉയരുന്നതെന്ന് നമുക്കറിയാം. അല്ലെങ്കിൽ തന്നെ 'പരിഭവങ്ങളില്ലാത്ത സ്നേഹം, പരുവപ്പെടാത്ത വികാരമാണ്.' സൂക്ഷിയ്ക്കണം! ഒരു പരാതിയ്ക്കും ഇടനൽകാനാവാത്ത ഏതെങ്കിലും മനുഷ്യ ബന്ധങ്ങൾ ഭൂമിയിൽ കാണാനാവുമോ? ഇല്ലെന്ന് നിസ്സംശയം പറയാം. അപ്പോൾ നമ്മുടെയൊക്കെ ബന്ധങ്ങളിൽ അല്പസ്വല്പമൊക്കെ പരാതികളുണ്ടാകുന്നതും അങ്ങ് ക്ഷമിച്ചേയ്ക്കണം, സ്നേഹക്കൂടുതൽ കൊണ്ടാണന്നേ. സ്നേഹം പരീക്ഷണങ്ങൾക്കൊണ്ട് ശോധന ചെയ്യപ്പെടുന്നതാണെന്ന് അറിയാമല്ലോ. "യോനായുടെ പുത്രനായ ശിമയോനെ, ഇവരേക്കാൾ അധികമായി നീയെന്നെ സ്നേഹിയ്ക്കുന്നുവോ?" മൂന്നാം വട്ടം പത്രോസ് കരഞ്ഞുപോയി. സ്നേഹം അങ്ങനെയാണ്. അതുകൊണ്ട് തന്നെയാണ്, മുറിവിൽ തൊടാതെ തന്നെ തോമസ് വിശ്വാസിയാകുന്നത്. 'അവന്റെ മുറിവിലൂടെയാണ് തോമായ്ക്കു വിശ്വാസത്തിന്റെ വെളിച്ചം ലഭിയ്ക്കുന്നത്.

തോമസിന് ജീവിതകാലം മുഴുവൻ പരിതപിയ്ക്കാവുന്ന ഒരു തെറ്റാണ് അന്ന് സംഭവിച്ചത്. തന്റെ ഗുരുവിന്റെ ഉത്ഥാനത്തെ അവിശ്വസിയ്ക്കുക. സഹോദരങ്ങളെ പോലെ ഒപ്പം നടന്നവരുടെ വാക്കുകൾ വിശ്വസിയ്ക്കാതിരിയ്ക്കുക. പക്ഷെ, ഗുരുവിന്റെ വാക്കുകളിൽ തോമസ് മോചിതനാകുന്നു. അവിശ്വാസത്തിൽ നിന്നും, പരിഭവങ്ങളിൽ നിന്നും, അതിന്റെ ഉപോൽപ്പന്നമായ ആത്മനിന്ദയിൽ നിന്നും. 'Life becomes a pleasant experience, only when we no longer punish ourselves for our imperfections." ജീവിതം ആസ്വാദ്യകരമാകണമെന്നുണ്ടോ, നിന്റെ കുറവുകളെ പറ്റിയുള്ള ധ്യാനത്തിൽ നിന്നും വ്യാകുലത്തിൽ നിന്നും പുറത്ത് കടക്കുക. 'നിന്റെ ബലഹീനതകൾക്ക് മുകളിൽ എന്റെ ബലവും കൃപയും മേലാപ്പ് വിരിച്ചു നിൽക്കും' എന്ന അവന്റെ മൊഴികളിൽ ഹൃദയം അർപ്പിയ്ക്കുക. ഭൂതകാലത്തിന്റെ വീഴ്ചകളിൽ പെട്ട് വേദനിച്ച് സ്വയം നശിയ്ക്കാൻ മനുഷ്യർക്ക് സ്വതേ സാധ്യതയുണ്ട് എന്നറിയുന്ന ക്രിസ്തു, അനന്തകാലത്തെ കുറ്റബോധത്തിന്റെ വേദനയിൽ നിന്നാണ് പത്രോസിനെ മൂന്ന് തവണ, തന്നെ ഏറ്റു പറയിച്ചു കൊണ്ട് മോചിപ്പിയ്ക്കുന്നത്.

ഭയപ്പെടരുത്

ബൈബിളിൽ ഉടനീളം "ഭയപ്പെടരുത്" എന്ന സന്ദേശം എത്രയാവർത്തിയാണ് ക്രിസ്തു നൽകിയിട്ടുള്ളത്! ''ചെറിയ അജഗണമേ നിങ്ങൾ ഭയപ്പെടേണ്ട, ... ഭയപ്പെടേണ്ട നിങ്ങൾക്ക് സമാധാനം" എന്നെല്ലാം എത്രയോ വട്ടം അവൻ നമ്മെ ധൈര്യപ്പെടുത്തിയിരിയ്ക്കുന്നു. ഓരോ കഷ്ടാനുഭവങ്ങളുടെയും ക്ലേശങ്ങളുടെയും ഓർമ്മകളിൽ നിന്ന് കൂടിയാണ് അവൻ നമ്മെ മോചിപ്പിച്ചത്. അവനെ സന്ദർശിച്ച വരെല്ലാം, ഹൃദയഭാരം അവന്റെ കാൽക്കൽ വച്ചാണ് തിരിച്ചു പോയത്. സമരിയാക്കാരിയായാലും, പാപിനിയായ സ്ത്രീയായാലും, ബഥാനിയായിലെ മറിയമായാലും, അവനെ സമീപിച്ച വരെല്ലാം, ഏറ്റം ലഘുവും മൃദുവുമായ ഹൃദയത്തോടെ തിരിച്ചു പോയി. തെളിനീരുറവ കണ്ടെത്തിയ മാൻ കുഞ്ഞിനെ പോലെ ആശ്വാസം നേടി. നമ്മളെ സമീപിച്ച വരെല്ലാം എപ്രകാരമാണ് തിരിച്ചു പോയിട്ടുണ്ടാകുക? മാപ്പ് നൽകിയും ചേർത്ത് പിടിച്ചും കണ്ണ് നിറഞ്ഞും ഒരു ചെറുപുഞ്ചിരിയോടെയും നമ്മൾ ജീവിച്ച് തീർക്കണമെന്ന് ദൈവമാഗ്രഹിച്ച ഈ ജീവിതം എങ്ങനെയാണ് നമ്മൾ ജീവിച്ചു തീർക്കുന്നത്?

മറ്റുള്ളവരുടെ കാര്യം അവിടെ നിൽക്കട്ടെ. നമ്മൾ ആദ്യമേ മാപ്പ് നൽകി സമാധാനത്തിൽ പറഞ്ഞയയ്ക്കേണ്ടുന്ന ആൾ ആരെന്നോ?, അത് നീ തന്നെയാണ്. തിരിഞ്ഞു നോക്കരുതെന്ന് ലോത്തിനോടും കുടുംബത്തോടും പിതാവായ ദൈവം ആവശ്യപ്പെടുന്നതും അതാണ്. പുറകിലേയ്ക്ക്, നിന്റെ വീഴ്ചകളിലേക്കും കുറവുകളിലേക്കും തിരിഞ്ഞുനോക്കരുതെന്ന് അവിടുന്ന് ആവശ്യപ്പെടുന്നതും ഇതേ സൌഖ്യത്തിന് വേണ്ടിയാണ്. എന്നിട്ടും തിരിഞ്ഞുനോക്കിയവരോ, കണ്ണീരുപ്പുറഞ്ഞ് തൂണുകളായി മാറിപ്പോയി. സ്വയം മാപ്പ് കൊടുക്കാതെയും അവനവനോട് തന്നെ കലഹിച്ചും സഹതപിച്ചും ജീവിതം തീർക്കുന്ന എത്രയോ അധികം മനുഷ്യർ വാഴുന്ന ഇടമാണീ ഭൂമി. എല്ലാത്തരം ഭാരങ്ങളിൽ നിന്നും ക്രിസ്തു നമ്മെ സ്വതന്ത്രരാക്കുന്നു. "തോമാ, നിന്റെ വിരൽ ഇവിടെ കൊണ്ടുവരിക... എന്റെ പിളർക്കപ്പെട്ട പാർശ്വം കാണുക."

അവൻ നൽകുന്ന സമാധാനം

"ഞാൻ നിങ്ങൾക്ക് സമാധാനം നൽകുന്നു, ...ലോകം നൽകുന്നത് പോലെയല്ല ഞാൻ നിങ്ങൾക്ക് നൽകുന്നത്. നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. നിങ്ങൾ ഭയപ്പെടുകയും വേണ്ട."

അവൻ നൽകുന്ന സമാധാനം ശാശ്വതമായ സമാധാനമാണ്. അത് കേവലം ആശ്വസിപ്പിക്കലിൽ ഒതുങ്ങുന്നില്ല. മരണ നിഴൽ വീണ ഇടങ്ങളിലും മരുഭൂമിയിലും നടക്കാൻ അവൻ കൂടെയുണ്ട്. അവൻ തന്റെ ഭക്തന്റെ ഭവനത്തിനു

ചുറ്റും പാളയമടിച്ചു ദുഷ്ടനിൽ നിന്നും കാത്തുകൊള്ളുന്ന ശക്തനും കൃപാലുവുമായ ദൈവമാണ്. "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല" എന്ന വചനം കൊണ്ടാണ് ഇനി അവൻ ശിഷ്യഗണത്തെ ആശ്വസിപ്പിയ്ക്കാൻ പോകുന്നത്. യഥാകാലം നിവർത്തിയാകാൻ പോകുന്ന ആ വചനം കൊണ്ടാണ് അവൻ അവരെ ധൈര്യപ്പെടുത്തുന്നതും വച്ചുകെട്ടുന്നതും, മുറിവുണക്കുന്നതും തനിയ്ക്ക് സാക്ഷ്യം വഹിയ്ക്കാൻ ഒരുക്കുന്നതും.

സമാധാനം നൽകുമ്പോഴെല്ലാം അവൻ 'ധൈര്യമായിരിയ്ക്കാൻ പറഞ്ഞുകൊണ്ടെയിരുന്നു" എന്നാൽ പുതിയ കാലഘട്ടത്തിലെ പ്രസംഗപീഠങ്ങൾ പലപ്പോഴും, ഭയത്തിന്റെ പ്രഘോഷണങ്ങളായി വാഴിമാറുന്നുണ്ടോ എന്നാരെങ്കിലുമൊക്കെ സംശയിച്ചാൽ അവരെ കുറ്റം പറയാനാകില്ലല്ലോ. ഹൃദയത്തിന്റെ തികവിൽ നിന്നാണല്ലോ അധരങ്ങൾ സംസാരിയ്ക്കുന്നത്. ഹൃദയത്തിൽ അനുഭവിയ്ക്കാത്ത സമാധാനം വാക്കുകളിൽ പൊലിയ്ക്കുന്നതെങ്ങനെ അല്ലെ!

ഈയടുത്ത് അന്തരിച്ച സുപ്രസിദ്ധ സിനിമാനടൻ ശ്രീ ഇന്നസെന്റ് ബാല്യകാലത്തെ ഒരനുഭവത്തിലൂടെ തന്റെ അപ്പനെ ഓർമ്മിയ്ക്കുന്നത് ഇങ്ങനെയാണ്. പരീക്ഷകളിൽ മിക്കാവാറും എല്ലാത്തിലും തോറ്റ് പ്രോഗ്രസ് റിപ്പോർട്ട് വീട്ടിൽ കാണിയ്ക്കാൻ പറ്റാതെ വിഷമിച്ചോണ്ടിരിയ്ക്കുന്ന ഒരു സമയം. വീട്ടിലെ എല്ലാവരും ഇന്നസെന്റിന്റെ പ്രോഗ്രസ് റിപ്പോർട്ടും അത് കണ്ട് കഴിഞ്ഞ് അപ്പൻ അയാളെ പിടിച്ച് തല്ലുന്ന രംഗവും കാത്തിരിയ്ക്കുകയാണ്. ഇനിയും കള്ളങ്ങൾ പറഞ്ഞു റിപ്പോർട്ട് കാർഡ് കയ്യിൽ വയ്ക്കാൻ പറ്റില്ല. ഒപ്പിട്ട് സ്കൂളിൽ ഏല്പിക്കേണ്ടുന്ന സമയമായി. എങ്ങനെ ഇത് അപ്പന്റെ



മുന്നിൽ അവതരിപ്പിയ്ക്കും എന്നോർത്ത് അദ്ദേഹം കുറെയേറെ വേദനിച്ചു, ഭയപ്പെട്ടു. മിടുക്കരായ സഹോദരങ്ങളുടെ കുത്തുവാക്കുകളെക്കാൾ ഇന്നസെന്റിന് അപ്പന്റെ പ്രതികരണമോർത്താണ് വിഷമവും പേടിയും. ഒടുവിൽ എന്തും വരട്ടെ എന്നോർത്ത്, ഒളിപ്പിച്ചുവച്ച ഇടത്ത് നിന്നും റിപ്പോർട്ട് കാർഡെടുത്ത് അപ്പന് കൊടുക്കാൻ നോക്കുമ്പോൾ, ഒരു നിമിഷം ഇന്നസെന്റിന് വിശ്വസിയ്ക്കാനാകുന്നില്ല. അതിൽ പിതാവിന്റെ ഒപ്പ് എന്നയിടത്ത്, ഇതാ അപ്പൻ ഒപ്പിട്ടിരിയ്ക്കുന്നു.

അപ്പൻ മകന്റെ വേദനയും നാണക്കേടും തിരിച്ചറിഞ്ഞ് കൂടുതൽ അവനെ ഭാരപ്പെടുത്താതെ, മറ്റ് കുടുംബാംഗങ്ങളുടെ കുത്തുവാക്കുകളിൽ നിന്നും രക്ഷിച്ച് റിപ്പോർട്ട് കാർഡ് ഒപ്പിട്ട് വച്ചിരിയ്ക്കുന്നു. അതൊന്ന് സൂചിപ്പിച്ച് മകനെ അങ്ങനെയെങ്കിലും അലോസരപ്പെടുത്താൻ ആ അപ്പൻ - സ്നേഹനിധിയായ ആ അപ്പൻ - ഇടയാക്കുന്നില്ല. അപ്പനെക്കുറിച്ച് എപ്പോൾ പറയുമ്പോഴും ഇന്നസെന്റിന് ആയിരം നാവാണ്.

ഒരു നോട്ടംകൊണ്ടു പോലും നമ്മെ നോവിയ്ക്കാൻ ഇഷ്ടപ്പെടാതെ നമ്മുടെ അഭിമാനത്തിന് കാവൽ നിൽക്കുന്ന ദൈവത്തെ ഓർത്ത്, ആ സ്നേഹത്തെയോർത്ത് കണ്ണ് നിറഞ്ഞ് നിൽക്കുകയല്ലാതെ നമ്മൾ മറ്റെന്ത് ചെയ്യും അല്ലെ?

കെട്ടഴിച്ച് വിടുന്നതിന്റെ, പാപ-ബന്ധനങ്ങളിൽ നിന്നും വിടുതൽ നേടുന്നതിന്റെ ഒക്കെ സ്ഥാപന വചനങ്ങളാണ് പിന്നീട് നമ്മൾ ഇന്നത്തെ വചനഭാഗത്ത് കാണുന്നത്. മോചിപ്പിയ്ക്കുക; എന്തിൽ നിന്നെല്ലാം? ഏതെക്കെയാണോ ഒരാളെ ഭാരപ്പെടുത്തുന്നത്, അതിൽ നിന്നെല്ലാം അവനെ മോചിപ്പിയ്ക്കുക. അവന്റെ പ്രവർത്തികളിൽ നിന്ന്, ചിന്തകളിൽ നിന്ന്, ഭാരപ്പെടുത്തുന്ന ഭയപ്പെടുത്തുന്ന ഭൂത-വർത്തമാന കാലങ്ങളിൽ നിന്നെല്ലാം മോചിപ്പിയ്ക്കണം. ക്രിസ്തുവിന്റെ വരവ് തന്നെ, പിതാവുമായി മനുഷ്യകുലത്തെ അനുരഞ്ജിപ്പിയ്ക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നല്ലോ. അതിനാൽ തന്നെ, നമ്മുടെ നിത്യാശ്വാസത്തിനും അതിന്റെ തുടർച്ചയ്ക്കുമായാണ് വി. കുമ്പസാരം എന്ന കൂദാശ അവിടുന്ന് ഇവ്വിധം സ്ഥാപിയ്ക്കുന്നത്. അവന്റെ കരുതലിനെ ഓർക്കുമ്പോൾ തൊണ്ടയിടറാതെ നമ്മൾ പാടുന്നതെങ്ങനെ?

"ഇത്ര നല്ല ദൈവത്തോട് ഞാൻ എന്ത് ചെയ്ത് നന്ദി ചൊല്ലിടും എന്റെ കൊച്ചു ജീവിതത്തെ ഞാൻ നിന്റെ മുമ്പിൽ കാഴ്ചയേകിടാം"

അനന്ത നന്മയും അപരിമേയമായ കൃപയുടെ ഭണ്ഡാരവുമായ ദൈവമേ, നിന്നെ തള്ളിപ്പറഞ്ഞ, വേദനിപ്പിച്ച നിമിഷങ്ങളെ ഓർത്ത് ഒരു മാത്ര ലജ്ജിയ്ക്കാൻ പോലും അനുവദിയ്ക്കാത്ത കൃപാലുവായ പിതാവേ, ഈ ജീവിതം മുഴുവനും കൊണ്ട് ആ കടം എനിയ്ക്ക് വീട്ടാനാകില്ലല്ലോ. ഇങ്ങനെ സ്നേഹിയ്ക്കാൻ മാത്രം ഞാൻ നിനക്കാരാണ് അപ്പ!

അപ്പോൾ അവൻ തലയുയർത്തി പറയും: "നീയെനിയ്ക്ക് അമൂല്യനും പ്രിയങ്കരനുമാണ്. സമാധാനത്തിൽ പോവുക"

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com